**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 464

**18.11.2019 ൽ മറുപടിയ്ക്ക്**

# പ്രോസിക്യൂഷൻ നീതിന്യായ സംവിധാനങ്ങളിലെ പരിഷ്കരണനടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രോസിക്യൂഷൻ, നീതിന്യായം എന്നീ വ്യവസ്ഥാപിത സംവിധാനങ്ങളിലെ പഴുതുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പഴുതുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന പ്രശ്നങ്ങൾക്ക് നിയമാനുസൃതമായ പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ചിലതിലെങ്കിലും ബോധപൂർവ്വമോ അല്ലാതെയോ നിരപരാധികൾ ശിക്ഷിക്കപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. കേസ് അന്വേഷണം, കുറ്റവിചാരണ എന്നിവ നിരവധി നടപടിക്രമ-ങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഇതിലെവിടെയെങ്കിലും സംഭവിക്കുന്ന പിഴവുകളോ ആരുടെയെങ്കിലും ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകളോ നിരപരാധികൾ ശിക്ഷിക്കപ്പെടാനുള്ള കാരണങ്ങളാകാം. സർക്കാർ ഏതൊരു കേസിന്റേയും അന്വേഷണം നിഷ്പക്ഷമായും കാര്യക്ഷമമായും നിർവ്വഹിക്കപ്പെടുന്നതുവഴി നിരപരാധികൾ ശിക്ഷിക്കപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (സി) പ്രസ്തുത വിഷയത്തിന് പരിഹാരമായി കേരള ജുഡീഷ്യൽ അക്കാദമിയിൽ ഉദ്യോഗസ്ഥർക്ക് നൽകുന്ന പരിശീലനം മെച്ചപ്പെടുത്തേണ്ടതാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) കേരള ജുഡീഷ്യൽ അക്കാദമിയിൽ നീതിന്യായ വകുപ്പിലെ വിവിധ റാങ്കുകളിലെ ജുഡിഷ്യൽ ഓഫീസർമാർക്കും പ്രോസിക്യൂട്ടർമാർക്കും നിയമവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. നിലവിലെ പരിശീലന പരിപാടികൾ കാര്യക്ഷമമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ വിഷയത്തിൽ സമഗ്ര മായ ഒരു പരിശോധനയും പരിഷ്കരണ നടപടികളും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇത്തരത്തിലുള്ള വീഴ്ചകളും പിഴവുകളും നിരന്തരമായ ഒരു പ്രക്രിയയിൽ അപൂർവ്വമായി സംഭവിക്കുന്ന കാര്യമായതിനാലും ആയവയ്ക്കുള്ള പരിഹാരം യഥാസമയം കൈക്കൊണ്ട് വരുന്നതിനാലും ഈ വിഷയം സർക്കാർ പ്രത്യേകമായി പരിശോധന നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ